# Vice President addressed the Retreat Session of the 13th ASEM Summit

November 26, 2021

---

**13 മത്  എ എസ് ഇ എം റിട്രീറ്റ് സെഷൻ ഉപരാഷ്ട്രപതി അഭിസംബോധന ചെയ്തു**
**നവംബർ 26, 2021**

**പകർച്ചവ്യാധി നിലവിലെ ആഗോള സംവിധാനത്തിലെ അപര്യാപ്തതകൾ തുറന്നുകാട്ടുകയായിരുന്നു; ഈ വിടവുകൾ പരിഹരിക്കുന്നതിനായി ഒരു ബഹുരാഷ്ട്രവും സഹകരണപരവുമായ സമീപനം ആവശ്യമാണ് - ഉപ രാഷ്ട്രപതി**

**സമുദ്രങ്ങൾ സമൃദ്ധിയിലേക്കുള്ള വഴികളാണ്; അവരുടെ പ്രവേശനം സ്വതന്ത്രവും നിബന്ധനകളില്ലാത്തതുമായി തുടരേണ്ടത് പ്രധാനമാണ് - ഉപരാഷ്ട്രപതി**

**കാലാവസ്ഥാ വ്യതിയാനത്തിനെതിരെ പോരാടാനുള്ള പാത കാലാവസ്ഥാ അനുയോജ്യതയിലൂടെയാണ് - ഉപരാഷ്ട്ര പതി**

**13 മാത്  ഏഷ്യ യൂറോപ്പ് ഉച്ചകോടിയുടെ റിട്രീറ്റ് സെഷൻ ഉപരാഷ്ട്രപതി അഭിസംബോധന ചെയ്തു**

13-ാമത് ഏഷ്യ-യൂറോപ്പ് ഉച്ചകോടിയുടെ റിട്രീറ്റ് സെഷനിൽ വൈസ് പ്രസിഡന്റ് സംസാരിക്കുന്നു

ഉപരാഷ്ട്രപതി ശ്രീ എം. വെങ്കയ്യ നായിഡു ഇന്ന് നവംബർ 25-ന് ആരംഭിച്ച ദ്വിദിന എ എസ് ഇ എം ഉച്ചകോടിയുടെ റിട്രീറ്റ് സെഷനെ അഭിസംബോധന ചെയ്തു, "പങ്കിട്ട വളർച്ചയ്ക്കായി ബഹുമുഖവാദത്തെ ശക്തിപ്പെടുത്തുക" എന്ന വിഷയത്തിൽ ഇന്നലെ വെർച്വൽ ഫോർമാറ്റിൽ നടന്ന ഉച്ചകോടിയുയുടെ പ്ലീനറി സെഷനിൽ ഉപരാഷ്ട്രപതി ഇടപെട്ടിരുന്നു. COVID-19 പകർച്ചവ്യാധി മൂലം നിലവിലെ ആഗോള സംവിധാനത്തിലെ, പ്രത്യേകിച്ച് ആരോഗ്യ സംവിധാനത്തിലെയും വിതരണ ശൃംഖലയിലെയും നിരവധി അപര്യാപ്തതകൾ പുറത്തുകൊണ്ടുവന്നു.

ഈ വിടവുകൾ പരിഹരിക്കുന്നതിന് ബഹുരാഷ്ട്രപരവും സഹകരണപരവുമായ സമീപനത്തിന് അദ്ദേഹം ആഹ്വാനം ചെയ്തു. COVID-19 നെതിരായ പോരാട്ടത്തിൽ ഇന്ത്യയുടെ സംഭാവനയെക്കുറിച്ച് സംസാരിച്ച അദ്ദേഹം, ലോക ജനസംഖ്യയുടെ ആറിലൊന്ന് ആളുകളിൽ അണുബാധ പകരുന്നത് നിയന്ത്രിക്കുന്നതിലൂടെ

ലോകത്തെ സുരക്ഷിതമാക്കുന്നതിനായി ഇന്ത്യ സംഭാവന നൽകിയെന്നും റിട്രീറ്റ് സെഷനിൽ ശ്രീ നായിഡു പറഞ്ഞു,ഒരു ബില്യണിലധികം വാക്സിനേഷനുകൾ എന്ന നാഴികക്കല്ല് പരാമർശിച്ചുകൊണ്ട്, ആവശ്യമുള്ള രാജ്യങ്ങളിലേക്കുള്ള വാക്സിനുകളുടെ ആഗോള കയറ്റുമതി ഇന്ത്യ പുനരാരംഭിക്കുന്നതിനുള്ള പ്രക്രിയയിലാണെന്ന് ശ്രീ നായിഡു പറഞ്ഞു.വർദ്ധിച്ചുവരുന്ന ആഗോളവൽക്കരിക്കപ്പെട്ട ലോകത്ത് സമുദ്രസുരക്ഷയുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞ ഉപരാഷ്ട്രപതി, സമുദ്രങ്ങൾ സമൃദ്ധിയുടെ പാതകളാണെന്നും പരമ്പരാഗതവും പാരമ്പര്യേതരവുമായ ഭീഷണികളിൽ നിന്ന് അവയിലേക്കുള്ള പ്രവേശനം നിബന്ധനകൾ ഒന്നും ഇല്ലാത്തതാണ് തുടരേണ്ടത് പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു..

കാലാവസ്ഥാ പ്രവർത്തനത്തെ പൊതു താൽപ്പര്യമുള്ള മറ്റൊരു മേഖലയായി വിശേഷിപ്പിച്ച ഉപരാഷ്ട്രപതി, കാലാവസ്ഥാ വ്യതിയാനത്തിനെതിരെ പോരാടാനുള്ള പാത കാലാവസ്ഥാ അനുയോജ്യതയിലൂടെയാണെന്ന് ആവർത്തിച്ചു, ഇത് അതത് രാജ്യങ്ങൾ വലിയ ദീർഘകാല പരിഗണനയിൽ എടുക്കേണ്ടതുണ്ട്.

മഹാമാരിക്ക് ശേഷമുള്ള കാലഘട്ടത്തിൽ മറ്റൊരു ലോകമാണ് നമ്മെ കാത്തിരിക്കുന്നതെന്ന് ശ്രീ നായിഡു പറഞ്ഞു. "വിശ്വാസത്തിനും സുതാര്യതയ്ക്കും പ്രതിരോധശേഷിക്കും വിശ്വസനീതയ്ക്കും അതുപോലെ തിരഞ്ഞെടുപ്പുകൾക്കും ആവർത്തനത്തിനും കൂടുതൽ പരിഗണന നൽകുന്ന ഒന്നാണിത്," അദ്ദേഹം പറഞ്ഞു, ഏഷ്യയിലെയും യൂറോപ്പിലെയും രാജ്യങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്നതിൽ എ എസ് ഇ എം പ്രക്രിയയ്ക്ക് നിർണായക പങ്ക് വഹിക്കാനുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഈ അവസരത്തിൽ, മേഖലയിലെ എല്ലാവരുടെയും സുരക്ഷയും വളർച്ചയും ഉറപ്പാക്കുന്നതിന് ഐക്യദാർഢ്യത്തോടെ, തങ്ങളുടെ അനുഭവങ്ങളും വിഭവങ്ങളും ലോകവുമായി പങ്കിടാനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയും അദ്ദേഹം ആവർത്തിച്ചു.

**ന്യൂ ഡൽഹി**
**നവംബർ 26, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.